## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1201 20.01.2014 -ലെ മറുപടിയ്ക്ക്

# രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ

ചോദ്യം
ശ്രീ. ഇ.പി. ജയരാജൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (എ) | പ്രാഥമിക, ദ്വിതീയ വിദ്യാഭ്യാസ മേഖലകളിൽ ശക്തമായ അടിത്തറ പാകിയ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക ശിക്ഷ അഭിയാൻ മാതൃകയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. നിലവിൽ 18-23 വയസുള്ള ഇന്ത്യൻ ജനസംഖ്യയുടെ 19.4 % മാത്രമാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവേശനം സാദ്ധ്യമാകുന്നത്. കൂടാതെ പട്ടിക ജാതി പട്ടിക വർഗ്ഗ , മറ്റു പിന്നോക്ക വിഭാഗങ്ങളിലേയും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ ദേശീയ ശരാശരിയിലും താഴെയാണ്. കൂടാതെ സ്ത്രീ-പുരുഷ എൻറോൾമെന്റ് റേഷ്യോ തമ്മിലും കാര്യമായ അന്തരമുണ്ട്. സംസ്ഥാനങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വകയിരുത്തുന്ന തുക വളരെ അപര്യാപ്തമായതിനാൽ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപന നിലവാരവും സ്വീകാര്യമായ തലത്തിലും താഴെയാണ് . സർവ്വകലാശാലസംവിധാനത്തിന് കീഴിൽ |

| | | | |
|---|---|---|---|
| | | | അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ സംസ്ഥാനം ഒന്നാകെ ഒരു അടിസ്ഥാന യൂണിറ്റ് എന്ന നിലയിൽ ഗവേഷണം, കൺസൾട്ടിംഗ്, ഇൻഡസ്ട്രി പാർട്ട്നർഷിപ്പ് എന്നിവയിലൂടെയുള്ള ധനസമാഹരണം ഉൾപ്പെടെ വിദഗ്ദ്ധമായ ആസൂത്രണം ആവശ്യമാണ്. രാജ്യത്തെ 33% സർവ്വകലാശാലകളും 51% കോളേജുകളും നിലവിലുള്ള യു.ജി.സി. നിയമപ്രകാരമുള്ള ധനസഹായത്തിന്റെ പരിധിക്ക് പുറത്താണ്. കൂടാതെ സംസ്ഥാന ഗവൺമെന്റ് മുഖേന ധനസഹായം നൽകുന്നതിനോ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനല്ലാതെ കൗൺസിൽ പേലെയുള്ള സ്ഥാപനങ്ങൾ മുഖേന സഹായം നൽകുന്നതിനോ യു.ജി.സിയ്ക്ക് കഴിയുന്നില്ല. യു.ജി.സി സഹായം സർവ്വകലാശാലയുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനമൊന്നാകെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ രീതി തടസം സൃഷ്ടിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ധനസഹായ സ്ഥാപനമെന്നനിലയിൽ യു.ജി.സിക്കുള്ള പരിമിതികൾ മറികടക്കുന്നതിന് അനേകം സ്ഥാപനങ്ങൾക്ക് സഹായം നൽകുകയും സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ സംയോജിതമായി ആസൂത്രണം ചെയ്യുന്നതിന് കഴിയുന്ന ഒരു സ്ഥാപനം വഴി ധനസഹായം നൽകുന്ന |

| | | | |
|---|---|---|---|
| | | | രീതിയായിരിക്കും റൂസ അവലംബിക്കുക. സർവ്വകലാശാലകൾക്കും കോളേജുകൾക്കും കൂടുതൽ സ്വയംഭരണം നൽകുന്നതിനും അദ്ധ്യാപന-പഠന-ഗവേഷണ രംഗങ്ങളിൽ പുരോഗതി സൃഷ്ടിക്കുന്നതിനും റൂസ ലക്ഷ്യമിടുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | (ബി) | റൂസ നടപ്പാക്കുന്നതിന്റെ ഭാഗമായി കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിനായി ഇതിനോടകം പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ അനുമതി കിട്ടിയ കേരളത്തിലെ പദ്ധതികൾ ഏതെല്ലാമാണ് ; | (സി) & (ഡി) | സംസ്ഥാനത്ത് 4 മോഡൽ കോളേജുകൾ ആരംഭിക്കുന്നതിന് 7.8 കോടി രൂപ വീതം പ്രോജക്ട് അപ്രൂവൽബോഡ് അംഗീകരിച്ചിട്ടുണ്ട്. മലപ്പുറം, നീലേശ്വരം,പാലക്കാട്, മീനങ്ങാടി (വയനാട്) എന്നി മോഡൽ കോളേജുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക, പേഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക, 35% വിഹിതം സംസ്ഥാന സർക്കാർ വഹിക്കുക, സർവ്വകലാശാലകളിലും കോളേജുകളിലും ഒഴിവുള്ള അദ്ധ്യാപക തസ്തിക നികത്തുക. അക്രഡിറ്റേഷൻ ലഭിക്കുക തുടങ്ങിയ നിബന്ധനകളാണ് ഫണ്ട് ലഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനോടകം എന്ത് തുകയുടെ കേന്ദ്രഫണ്ട് സംസ്ഥാനത്തിന് ലഭിച്ചു; പദ്ധതി ഫണ്ട് ലഭിക്കണമെങ്കിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളത് ; | | |
| (ഇ) | പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്; പ്രസ്തുത ഏജൻസിയുടെ ഘടന എപ്രകാരമാണെന്നു വ്യക്തമാക്കുമോ? | (ഇ) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് |

സെക്ഷൻ ഓഫീസർ